

TUESDAY 07/01/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: Nizam S A    Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/01/2025

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള അമ്പലവയൽ റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ (RARS) 2025 ജനുവരി 1 മുതൽ 15 വരെ പൂപ്പൊലി 2025 എന്ന വാർഷിക അന്താരാഷ്ട്ര പുഷ്പമേള സംഘടിപ്പിക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ട വിവിധ ഉൽപന്നങ്ങളും സാങ്കേതികവിദ്യകളും അവതരിപ്പിക്കുന്നതിനായി സർക്കാർ സ്ഥാപനങ്ങൾക്കും അർദ്ധ സർക്കാർ ഏജൻസികൾക്കും കർഷകർക്കും 50-ലധികം പ്രദർശന സ്റ്റാളുകൾ ഉണ്ടായിരിക്കുന്നതാണ്. കാർഷിക മേഖലയിലെ പുഷ്പ സൗന്ദര്യത്തിൻ്റെയും സാങ്കേതിക പുരോഗതിയുടെയും മഹത്തായ പ്രദർശനമായി ഇത് വർത്തിക്കുന്നു. കാർഷിക യന്ത്രങ്ങൾ, മൂല്യവർദ്ധിത ഉൽപന്നങ്ങൾ, നൂതനമായ പരിഹാരങ്ങൾ, കാർഷിക രീതികളിലെ പുരോഗതി എന്നിവ മനസ്സിലാക്കുന്നതിനും പൂപ്പൊലി സഹായിക്കും.

2. നാളികേരത്തിന്റെ വിളവെടുപ്പിനും, പരിചരണത്തിനുമായി നാളികേര വികസന ബോർഡ് ആരംഭിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം ഹലോ നാരിയൽ കോൾ സെൻ്ററിലേയ്ക്ക് വിളിച്ച് കേര കർഷകർക്ക് തെങ്ങിന്റെ ചങ്ങാതിമാരെ ലഭ്യമാക്കാം. സേവനം ലഭ്യമാകുന്നതിനായി തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9.30 മുതൽ വൈകിട്ട് 5 മണി വരെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. ഇതുവരെ 985 ചങ്ങാതിമാരാണ് കോൾ സെൻ്ററിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതാത് ജില്ലകളിൽ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലത്തിലാണ് ചങ്ങാതിമാരുടെ സേവനം ലഭ്യമാക്കുന്നത്. വിളവെടുപ്പ്, തെങ്ങിൻ്റെ മണ്ട വൃത്തിയാക്കൽ, മരുന്നു തളിയ്ക്കൽ, രോഗകീട നിയന്ത്രണം, കൃത്രിമ പരാഗണം തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതിയിലൂടെ കേര കർഷകർക്ക് പ്രയോജനപ്പെടുത്താം. കർമ്മനിരതരായി സേവനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിൻറെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ പേര് രജിസ്റ്റർ ചെയ്യാം.

3. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2025 ജനുവരി മാസം 17, 18 തീയതികളിൽ ആട്ട വളർത്തൽ എന്ന വിഷയത്തിൽ പരിശീലനംസംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവൃത്തി ദിവസങ്ങളിൽ 0471-2732918 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

4. പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയുടെ ഭാഗമായി അംഗീകാരം ലഭിച്ച ഘടക പദ്ധതിയായ മത്സ്യ സേവന കേന്ദ്രത്തിനു വേണ്ടി അപേക്ഷ ക്ഷണിച്ചു. 25 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന ഈ പദ്ധതിയിൽ ഗുണഭോക്താവിന് 40 ശതമാനം സബ്സിഡി (10 ലക്ഷം രൂപ) അനുവദിക്കും. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷകൾ ജനുവരി എട്ടിന് വൈകിട്ട് അഞ്ചു മണിക്ക് മുമ്പായി ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ: 0477 2251103.

5. കാർഷിക സർവ്വകലാശാല കാർഷിക കോളേജ്, വെള്ളാനിക്കരയിൽ നേന്ത്രൻ ടിഷ്യൂകൾച്ചർ തൈകളും, കുരുമുളക് തൈകളും വിവിധ ഉദ്യാന ചെടികളും വില്പനക്ക് തയ്യാറാണ്. നമ്പർ 9048178101, 9747154013.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ 3 ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമനത്തിനായി 08.01.2025 ന് വാക്ക് ഇൻ ഇൻറർവ്യൂ നടത്തുന്നു. ഒഴിവുള്ള വിഷയങ്ങൾ: അഗ്രികൾച്ചറൽ എൻജിനീയറിങ്, അഗ്രികൾച്ചറൽ എക്കണോമിക്സ്, സോയിൽ സയൻസ് ആൻഡ് അഗ്രികൾച്ചറൽ കെമിസ്ട്രി. യോഗ്യത: ബന്ധപ്പെട്ട

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഷയത്തിലുള്ള ബിരുദാനന്തര ബിരുദവും നെറ്റ്/പിഎച്ച്ഡി.

വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ്: www.kau.in

**പരിശീലന പരിപാടി**

7. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് ജനുവരി 08, 09 തീയതികളിൽ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9388834424 / 9847541453 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

**കാർഷിക നിർദ്ദേശം**

കുരുമുളക് ചെടികളിൽ പൊള്ളുരോഗം കാണാൻ സാധ്യതയുണ്ട്. തോട്ടത്തിലെ തണൽ ക്രമീകരിക്കുകയും, 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുകയും ചെയ്യുക. കൂടാതെ കാർബൻഡാസിം, മാങ്കൊസെബും ഒരു ഗ്രാം എന്ന തോതിൽ കലർത്തി ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കാവുന്നതാണ്.

വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ തക്കാളിയിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇവയെനിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയതക്കവിധം പത്ത് ദിവസത്തെ ഇടവേളകളിലായി ഇത് ആവർത്തിച്ച്തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 4 ഗ്രാം തയോമെതോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കിതളിക്കുക.